प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
Department of Communication, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022- 22660502

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
ई-मेल/email: helpdoc@rbi.org.in

ജൂൺ 15, 2021

**1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 35എ, ഒപ്പം സെക്ഷൻ 56 പ്രകാരം മഹാരാഷ്ട്ര, പനവേലിലെ കർണാല നാഗ്രി സഹകാരി ബാങ്ക് ലിമിറ്റഡിനെതിരെ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണ നിർദ്ദേശങ്ങളുടെ കാലാവധി ദീർഘിപ്പിക്കൽ**

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അതിന്റെ 2020 ജൂൺ 15-ലെ DoS.CO.VCBs-West/D-1/ 12.07.157/2019-20 നമ്പറിലുള്ള ഉത്തരവിലൂടെ മഹാരാഷ്ട്ര, റായ് ഗർഡിലെ പനവേലിലുള്ള കർണാല നാഗ്രി സഹകരണ ബാങ്ക് ലിമിറ്റഡിനെ 2020 ജൂൺ 15 മുതൽ 6 മാസക്കാലത്തേക്ക് നിയന്ത്രണ നിർദ്ദേശങ്ങൾക്ക് വിധേയമാക്കിയിരുന്നു. 2020 ഡിസംബർ 14-ലെ DOR.AID/D43/12.22.365/2020-21 നമ്പർ ഉത്തരവിലൂടെ നിയന്ത്രണ നിർദ്ദേശങ്ങളുടെ കാലാവധി 2021 ജൂൺ 15 വരെ ദീർഘിപ്പിച്ചിരുന്നു.

2. 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ എ, സബ്സെക്ഷൻ (1), ഒപ്പം സെക്ഷൻ 56 പ്രകാരം ലഭിച്ചിട്ടുള്ള അധികാരം പ്രയോഗിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അതിന്റെ 2021 ജൂൺ 15-ലെ DOR.AID/D16/12.22.365/2021-22 ഉത്തരവിലൂടെ നൽകിയിട്ടുള്ള മേൽപ്പറഞ്ഞിട്ടുള്ള നിയന്ത്രണ നിർദ്ദേശങ്ങൾ 2021 ആഗസ്റ്റ് 15 വരെ ബാങ്കിന് ബാധകമായിരിക്കുമെന്ന് പൊതുജനങ്ങളുടെ അറിവിലേക്കായി, ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു.

3. മേൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങളിലെ മറ്റെല്ലാ വ്യവസ്ഥകളും, മാറ്റമില്ലാതെ തുടരും. മേൽപ്പറഞ്ഞ ദീർഘിപ്പിക്കൽ പ്രഖ്യാപിക്കുന്ന 2021 ജൂൺ 15-ലെ ഉത്തരവിന്റെ ഒരു കോപ്പി

പൊതുജനങ്ങൾ വായിച്ചറിയുവാൻവേണ്ടി ബാങ്കിന്റെ മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

4. മുകളിൽ പറഞ്ഞിരിക്കുന്ന റിസർവ് ബാങ്കിന്റെ ദീർഘിപ്പിക്കൽ ഉത്തരവ് സഹകരണ ബാങ്കിന്റെ ധനസ്ഥിതിയെ സംബന്ധിച്ച്, റിസർവ് ബാങ്ക് തൃപ്തരാണ് എന്ന് കരുതുന്നതായി കാണേണ്ടതില്ല.

**(യോഗേഷ് ദയാൽ)**
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ്: 2021-2022/368**